**HADIA CSE Khutba Notes (05.04.2019)**

# സൂര്യതാപം വിശ്വാസിയെ ഓർമിപ്പിക്കുന്നത്

അതിശക്തമായ ചൂടും കഠിനമായ ഉഷ്ണവും നമ്മുടെ നാടുകളെ അലട്ടുന്നു. സത്യവിശ്വാസിക്ക് ഇതിൽ നിന്ന് എന്താണ് പഠിക്കാനുള്ളത്.

പ്രധാനമായും നാല് കാര്യങ്ങളാണ് നാം ചെയ്യേണ്ടത്.

**1) നരകത്തെ ഓർക്കുക**

إِنَّ فِي خَلْقِ السَّمَاوَاتِ وَالْأَرْضِ وَاخْتِلَافِ اللَّيْلِ وَالنَّهَارِ لَآيَاتٍ لِّأُولِي الْأَلْبَابِ – آل عمران ١٩٠)

عن ابي هُرَيْرَةَ رَضِيَ اللَّهُ عَنْهُ يَقُولُ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ اشْتَكَتْ النَّارُ إِلَى رَبِّهَا فَقَالَتْ رَبِّ أَكَلَ بَعْضِي بَعْضًا فَأَذِنَ لَهَا بِنَفَسَيْنِ نَفَسٍ فِي الشِّتَاءِ وَنَفَسٍ فِي الصَّيْفِ فَأَشَدُّ مَا تَجِدُونَ مِنْ الْحَرِّ وَأَشَدُّ مَا تَجِدُونَ مِنْ الزَّمْهَرِيرِ

നാം ചൂടും തണുപ്പും അനുഭവിക്കുമ്പോൾ നരകവും സ്വർഗവും ഓർക്കേണ്ടതുണ്ട്.

മഹാൻമാരൊക്കെ ചൂടും തണുപ്പും അനുഭവിക്കുമ്പോൾ ഇങ്ങനെ ചെയ്യാറുണ്ടായിരുന്നു.

ബഹുമാനപ്പെട്ട ഹസൻ ബസ്വരി (റ)വിന്ന് തണുത്ത വെള്ളം കൊടുത്തപ്പോൾ കൈ വിറച്ചതിനാൽ ഗ്ലാസ് താഴെ വീണു പൊട്ടുകയുണ്ടായി. നരകവാസികൾ ദാഹിച്ച് വെള്ളത്തിനായി കേണപേക്ഷിക്കുന്നത് ഓർത്തപ്പോഴാണ് കൈ വിറച്ചത് എന്ന് അദ്ദേഹം പറഞ്ഞു.

അബൂബക്ർ (റ) അത്യുഷ്ണ സമയത്ത് വെയിൽ കൊള്ളുന്നത് കണ്ടപ്പോൾ ഉമർ (റ) കാരണം ചോദിക്കുകയുണ്ടായി. നരകത്തിന്റെ ചൂടിനെ കുറിച്ച് ചിന്തിക്കാൻ വേണ്ടിയാണ് ഇവിടെ ഇരിക്കുന്നത് എന്നായിരുന്നു മറുപടി.

ഈയിടെ മരണമടഞ്ഞ വിശ്വവിഖ്യാത ബോക്സിംഗ് ചാമ്പ്യൻ മുഹമ്മദലി കാശ്യസ് ക്ലേ കൈയിൽ തീപ്പെട്ടി കരുതാറുണ്ടായിരുന്നു. ഇതെക്കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറയുകയുണ്ടായി; തിന്മയിലേക്ക് എന്റെ മനസ്സ് പോകുമ്പോൾ ഞാൻ ഇതൊന്ന് കത്തിക്കും. അപ്പോൾ നരകത്തിലെ ചൂട് ഓർമവരും.

ഉമർ (റ) ചെറുവിരൽ വിളക്കത്ത് കാണിച്ച് പൊട്ടിക്കരയാറുണ്ടായിരുന്നു.

നരകത്തിന്റെ നിറം കടുംകറുപ്പാണ്. ഇന്ധനം കല്ലും മനുഷ്യനുമാണ്. ഇരുമ്പ് ഉരുകാൻ ആവശ്യമാകുന്നതിനെക്കാൾ കൂടുതൽ ചൂട് വേണം കല്ല് ഉരുകാൻ. വെള്ളം തിളച്ച് മറിഞ്ഞാലും അടുപ്പിന്റെ കല്ല് ഉരുകാറില്ല. അപ്പോൾ നരകത്തിന്റെ വിറകാണ് കല്ലും മനുഷ്യനും എന്ന് പറയുമ്പോഴുള്ള കാഠിന്യം ഊഹിക്കാവുന്നതാണ്.

يَا أَيُّهَا الَّذِينَ آمَنُوا قُوا أَنفُسَكُمْ وَأَهْلِيكُمْ نَارًا وَقُودُهَا النَّاسُ وَالْحِجَارَةُ عَلَيْهَا مَلَائِكَةٌ غِلَاظٌ شِدَادٌ لَّا يَعْصُونَ اللَّهَ مَا أَمَرَهُمْ وَيَفْعَلُونَ مَا يُؤْمَرُونَ (٦) تحريم

നരകത്തെ കുറിച്ച് ആലോചിക്കാൻ നമ്മുടെ മനസ്സിലേക്ക് നോക്കിയാൽ മതി. സന്തോഷം വരുമ്പോൾ സ്വർഗവും ദുഖം വരുമ്പോൾ നരകവും ഓർക്കണം.

سَنُرِيهِمْ آيَاتِنَا فِي الْآفَاقِ وَفِي أَنفُسِهِمْ حَتَّىٰ يَتَبَيَّنَ لَهُمْ أَنَّهُ الْحَقُّ ۗ أَوَلَمْ يَكْفِ بِرَبِّكَ أَنَّهُ عَلَىٰ كُلِّ شَيْءٍ شَهِيدٌ (٥٣) فصلت

**HADIA CSE Khutba Notes (05.04.2019)**

# സൂര്യതാപം വിശ്വാസിയെ ഓർമിപ്പിക്കുന്നത്

ജിഹാദിന് വേണ്ടിയുള്ള കൽപന വന്നപ്പോൾ ചൂടത്ത് യുദ്ധത്തിന് പോകണ്ട എന്ന് ആളുകൾ പറഞ്ഞു, നരകത്തിന്റെ തീ ഇതിലേറെ ചൂടാണെന്നായിരുന്നു അല്ലാഹുവിന്റെ താക്കീത്

فَرِحَ الْمُخَلَّفُونَ بِمَقْعَدِهِمْ خِلَافَ رَسُولِ اللَّهِ وَكَرِهُوا أَن يُجَاهِدُوا بِأَمْوَالِهِمْ وَأَنفُسِهِمْ فِي سَبِيلِ اللَّهِ وَقَالُوا لَا تَنفِرُوا فِي الْحَرِّ ۗ قُلْ نَارُ جَهَنَّمَ أَشَدُّ حَرًّا ۚ لَّوْ كَانُوا يَفْقَهُونَ (٨١) فَلْيَضْحَكُوا قَلِيلًا وَلْيَبْكُوا كَثِيرًا جَزَاءً بِمَا كَانُوا يَكْسِبُونَ (٨٢)

വിമാന യാത്രയിൽ നമുക്ക് തരാറുള്ള നിർദേശങ്ങൾ ശ്രദ്ധിച്ചിട്ടില്ലേ, അപകടം വരുമ്പോൾ മാസ്കും ജാക്കറ്റും ആദ്യം സ്വയം അണിഞ്ഞ ശേഷം മാത്രമേ മറ്റുള്ളവരെ സഹായിക്കാവൂ എന്ന് അവർ പറയാറുണ്ട്.

يَا أَيُّهَا الَّذِينَ آمَنُوا قُوا أَنفُسَكُمْ وَأَهْلِيكُمْ نَارًا.

ആദ്യം സ്വയം സംരക്ഷണത്തെ കുറിച്ച് ആലോചിക്കുക.

عَنْ سُفْيَانَ الثَّوْرِيِّ ، قَالَ : قَامَ أَبُو ذَرٍّ الْغِفَارِيُّ عِنْدَ الْكَعْبَةِ ، فَقَالَ : يَا أَيُّهَا النَّاسُ أَنَا جندب الغفاري ، هَلُمُّوا إِلَى الأَخِ النَّاصِحِ الشَّفِيقِ ، فَاكْتَنَفَهُ النَّاسُ ، فَقَالَ : أَرَأَيْتُمْ لَوْ أَنَّ أَحَدَكُمْ أَرَادَ سَفَرًا أَلَيْسَ يَتَّخِذُ مِنَ الزَّادِ مَا يُصْلِحُهُ وَيُبَلِّغُهُ ؟ قَالُوا : بَلَى ، قَالَ : فَسَفَرُ طَرِيقِ الْقِيَامَةِ أَبْعَدُ مَا تُرِيدُونَ ، فَخُذُوا مِنْهُ مَا يُصْلِحُكُمْ ، قَالُوا : وَمَا يُصْلِحُنَا ؟ قَالَ : حُجُّوا حَجَّةً لِعِظَامِ الأُمُورِ ، صُومُوا يَوْمًا شَدِيدًا حَرُّهُ لِطُولِ النُّشُورِ ، صَلُّوا رَكْعَتَيْنِ فِي سَوَادِ اللَّيْلِ لِوَحْشَةِ الْقُبُورِ ، كَلِمَةُ خَيْرٍ تَقُولُهَا ، أَوْ كَلِمَةُ سُوءٍ تَسْكُتُ عَنْهَا لِوُقُوفِ يَوْمٍ عَظِيمٍ ، تَصَدَّقْ بِمَالِكَ لَعَلَّكَ تَنْجُو مِنْ عَسِيرِهَا ، اجْعَلِ الدُّنْيَا مَجْلِسَيْنِ ، مَجْلِسًا فِي طَلَبِ الآخِرَةِ ، وَمَجْلِسًا فِي طَلَبِ الْحَلالِ ، وَالثَّالِثُ يَضُرُّكَ وَلا يَنْفَعُكَ لا تُرِيدُهُ . اجْعَلِ الْمَالَ دِرْهَمَيْنِ ، دِرْهَمًا تُنْفِقُهُ عَلَى عِيَالِكَ مِنْ حِلِّهِ ، وَدِرْهَمًا تُقَدِّمُهُ لآخِرَتِكَ ، وَالثَّالِثُ يَضُرُّكَ وَلا يَنْفَعُكَ لا تُرِيدُهُ . ثُمَّ نَادَى بِأَعْلَى صَوْتِهِ : يَا أَيُّهَا النَّاسُ قَدْ قَتَلَكُمْ حِرْصٌ لا تُدْرِكُونَهُ أَبَدًا . (حلية الأولياء وطبقات الأصفياء)

അലി (റ)വിന് ഏറ്റവും ഇഷ്ടമുള്ളവയിൽ ഒന്നായിരുന്നു ചൂടുകാലത്ത് നോമ്പ് അനുഷ്ഠിക്കൽ

وقال علي وأنا أحب ثلاثة يا رسول الله، ما هي يا علي؟ أحب إكرام الضيف وصيام رمضان في الصيف وقتال المشركين بالسيف

സിദ്ദീഖ് (റ) ചൂട് കാലത്ത് പ്രത്യേകം നോമ്പെടുത്തപ്പോൾ ആളുകൾ അതെക്കുറിച്ച് ചോദിച്ചു. നാളെയുള്ള ചൂടിൽ നിന്ന് കാവൽ കിട്ടാൻ വേണ്ടിയാണ് എന്നായിരുന്നു മറുപടി.

ഉമർ (റ) തന്റെ മകന് കൊടുത്ത ഉപദേശങ്ങളിൽ പെട്ടതാണ് صم في شدة الحر

അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) ഇരുമ്പ് ചൂടാക്കുന്ന കൊല്ലൻമാരുടെ അടുത്ത് ചെന്ന് അത് കണ്ട് പൊട്ടിക്കരയാറുണ്ടായിരുന്നു.

അത്വാഉസ്സലമി (റ) ഒരു സ്ത്രീ അടുപ്പ് കൂട്ടുന്നത് കണ്ടപ്പോൾ നരകത്തെ ഓർത്തു കരഞ്ഞതായി കാണാം.

**HADIA CSE Khutba Notes (05.04.2019)**

# സൂര്യതാപം വിശ്വാസിയെ ഓർമിപ്പിക്കുന്നത്

ദുൻയാവിലെ ചൂടിൽ നിന്ന് കാവൽ കിട്ടാനായി തണ്ണീർപന്തലും മറ്റും നാം ഒരുക്കുന്നുണ്ട്. അതേപോലെ തന്നെ ആഖിറത്തിലെ അർശിന്റെ തണലും ഹൗളുൽകൗസറും കിട്ടാനുള്ള ശ്രമങ്ങളും നമ്മിൽ നിന്ന് ഉണ്ടാവണം.

കാലാവസ്ഥാ വ്യതിയാനം വരുമ്പോൾ ദുആ ചെയ്യാൻ തിരുനബി (സ്വ) നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ഉഷ്ണക്കാലത്ത് മഴക്ക് വേണ്ടിയും മഴക്കാലത്ത് വെള്ളപ്പൊക്കം ഇല്ലാതിരിക്കാനും നാം ദുആ ചെയ്യണം.

149.6 മില്ല്യൺ കിലോമീറ്റർ ദൂരെയുള്ള സൂര്യന്റെ ചൂടാണ് ഇപ്പോൾ നാം അനുഭവിക്കുന്നത്. എന്നാൽ ഇതേ സൂര്യൻ ഒരു ചാൺ അകലത്തിൽ നിൽക്കുമ്പോഴുള്ള അവസ്ഥ ആലോചിച്ചു നോക്കൂ.

ഇത്രയും അടുത്ത് നിൽക്കുന്ന സൂര്യനിൽ നിന്ന് രക്ഷ നൽകാൻ അല്ലാഹുവിന് സാധിക്കും.

നംറൂദിന്റെ തീയ്യോട് തണുപ്പാകാൻ ആവശ്യപ്പെട്ടതും സൂറത്തുൽ കഹ്ഫിലെ യുവാക്കളെ കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതത്തിൽ നിന്ന് രക്ഷിച്ചതും അല്ലാഹുവാണ്.

قُلْنَا يَا نَارُ كُونِي بَرْدًا وَسَلَامًا عَلَىٰ إِبْرَاهِيمَ (٦٩) وَأَرَادُوا بِهِ كَيْدًا فَجَعَلْنَاهُمُ الْأَخْسَرِينَ (٧٠) – الأنبياء

وَتَرَى الشَّمْسَ إِذَا طَلَعَت تَّزَاوَرُ عَن كَهْفِهِمْ ذَاتَ الْيَمِينِ وَإِذَا غَرَبَت تَّقْرِضُهُمْ ذَاتَ الشِّمَالِ وَهُمْ فِي فَجْوَةٍ مِّنْهُ ۚ ذَٰلِكَ مِنْ آيَاتِ اللَّهِ ۗ مَن يَهْدِ اللَّهُ فَهُوَ الْمُهْتَدِ ۖ وَمَن يُضْلِلْ فَلَن تَجِدَ لَهُ وَلِيًّا مُّرْشِدًا (١٧) - الكهف

സൂറത്തുൽ കഹ്ഫിലെ ഈ ആയത്തിന്റെ വിശദീകരണത്തിൽ ഖുർതുബി പറയുന്നു:

يتأذون فيه بانبساط الشمس عليهم في معظم النهار . وعلى هذا فيمكن أن يكون صرف الشمس عنهم بإظلال غمام أو سبب آخر . والمقصود بيان حفظهم عن تطرق البلاء وتغير الأبدان والألوان إليهم ، والتأذي بحر أو برد.

നമുക്ക് അനുയോജ്യമായ കാലാവസ്ഥ സൃഷ്ടിക്കാൻ അല്ലാഹുവിന് കഴിയും. നമുക്ക് ദുആ ചെയ്യാം. അവന് നന്ദി ചെയ്യാം.

لِإِيلَافِ قُرَيْشٍ (١) إِيلَافِهِمْ رِحْلَةَ الشِّتَاءِ وَالصَّيْفِ (٢) فَلْيَعْبُدُوا رَبَّ هَٰذَا الْبَيْتِ (٣) الَّذِي أَطْعَمَهُم مِّن جُوعٍ وَآمَنَهُم مِّنْ خَوْفٍ (٤)

ചൂട് കാലത്തും തണുപ്പ് കാലത്തും മാറി മാറി യാത്രചെയ്യലിലൂടെ ആശ്വാസം നൽകിയ അല്ലാഹുവിന് ഇബാദത്ത് എടുക്കാൻ കൽപിക്കുന്നു.

**2) പ്രകൃതിയെ സംരക്ഷിക്കുക**

ആഗോള താപനം മൂലം വർഷവും മൂന്ന് ലക്ഷത്തിൽ പരം ആളുകൾ മരണപ്പെടുന്നു എന്നാണ് ലോകാരോഗ്യ സംഘടന പറയുന്നത്.

A report on the global human impact of climate change published by the Global Humanitarian Forum in 2009, estimated more than 300,000 deaths and about $125

billion in economic losses each year, and indicating that most climate change induced mortality is due to worsening floods and droughts in developing countries.

കൃഷി നാശവും വരൾച്ചയും വ്യാപകമാകുമെന്നതാണ് ചൂട് കൂടിയാലുള്ള പ്രധാന പ്രശ്നം.

ഇതിനെല്ലാമുള്ള ഏക പരിഹാരം മരങ്ങൾ നടുക എന്നതാണ്.

عَنْ جَابِرٍ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مَا مِنْ مُسْلِمٍ يَغْرِسُ غَرْسًا إِلَّا كَانَ مَا أُكِلَ مِنْهُ لَهُ صَدَقَةً وَمَا سُرِقَ مِنْهُ لَهُ صَدَقَةٌ وَمَا أَكَلَ السَّبُعُ مِنْهُ فَهُوَ لَهُ صَدَقَةٌ وَمَا أَكَلَتْ الطَّيْرُ فَهُوَ لَهُ صَدَقَةٌ وَلَا يَرْزَؤُهُ أَحَدٌ إِلَّا كَانَ لَهُ صَدَقَةٌ- مسلم

عَنْ أَنَسِ بْنِ مَالِكٍ : أَنّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، قَالَ : " إِنْ قَامَتِ السَّاعَةُ وَفِي يَدِ أَحَدِكُمْ فَسِيلَةً ، فَإِنِ اسْتَطَاعَ أَنْ لا يَقُومَ حَتَّى يَغْرِسَهَا ، فَلْيَغْرِسْهَا"

**3) ഇസ്തിഗ്ഫാർ വർദ്ധിപ്പിക്കുക**

فَقُلْتُ اسْتَغْفِرُوا رَبَّكُمْ إِنَّهُ كَانَ غَفَّارًا (١٠) يُرْسِلِ السَّمَاءَ عَلَيْكُم مِّدْرَارًا (١١) وَيُمْدِدْكُم بِأَمْوَالٍ وَبَنِينَ وَيَجْعَل لَّكُمْ جَنَّاتٍ وَيَجْعَل لَّكُمْ أَنْهَارًا (١٢) - نوح

**4) മുൻകരുതൽ എടുക്കുക**

ചൂട് കൂടുതലുള്ള സമയത്ത് ളുഹ്റ് ജമാഅത്ത് പിന്തിപ്പിക്കണം എന്ന് ഹദീസിൽ കാണാം

عن أبي هريرة أنه قال إن رسول الله صلى الله عليه وسلم قال إذا اشتد الحر فأبردوا بالصلاة فإن شدة الحر من فيح جهنم

**ഖുതുബ നോട്ട്സ്**

**HADIA Centre for Social Excellence**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519

csehadia@gmail.com I www.hadia.in

**For any clarification: Mob: +91 94474 18451**